# 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ

(നിയമസഭ 2025 ഒക്ടോബർ 9-ാം തീയതി പാസ്സാക്കിയ പ്രകാരമുള്ളത്)

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 11-ാം വകുപ്പിനുള്ള ഭേദഗതി.—2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റിലെ (2021-ലെ 10) 11-ാം വകുപ്പിൽ,—

(1) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) വിജ്ഞാപന പ്രകാരം സർക്കാർ രൂപീകരിക്കുന്നതും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതുമായ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിൻമേൽ ചാൻസലർ, വൈസ് -ചാൻസലറെ നിയമിക്കേണ്ടതാണ്, അതായത്:—

(എ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും രംഗത്തുനിന്നുള്ള വിദ്യാഭ്യാസ വിചക്ഷണനായ ഒരു അംഗം - കൺവീനർ;

(ബി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം;

(സി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും രംഗത്തുനിന്നുള്ള വിദ്യാഭ്യാസ വിചക്ഷണനായ ഒരു അംഗം;

(ഡി) ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന പഠന ഗവേഷണ രംഗത്തു നിന്നുള്ള ഒരു വിദഗ്ദ്ധ അംഗം;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉന്നതവിദ്യാഭ്യാസ രംഗത്തുനിന്നുള്ള ഒരു അംഗം:

എന്നാൽ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ സർവ്വകലാശാലയുമായോ അതിന്റെ കോളേജുകളുമായോ യാതൊരു വിധത്തിലും ബന്ധപ്പെട്ടവരാകാൻ പാടുള്ളതല്ല .

(2) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) വൈസ്-ചാൻസലറുടെ ഒഴിവ് ഉണ്ടാകുന്നതിന് സാധ്യതയുള്ള തീയതിക്ക് കുറഞ്ഞത് മൂന്നുമാസം മുമ്പെങ്കിലും (3)-ാം ഉപവകുപ്പ് പ്രകാരമുള്ള സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും അപ്രകാരം രൂപീകരിക്കപ്പെടുന്ന സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി ആയത് രൂപീകരിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ വൈസ്-ചാൻസലർ നിയമനത്തിനായി മൂന്ന് പേരുകൾ അടങ്ങുന്ന പാനൽ ഏകകണ്ഠമായോ കേവല ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലോ തയ്യാറാക്കി ചാൻസലർക്ക് സമർപ്പിക്കേണ്ടതും അപ്രകാരം സമർപ്പിക്കപ്പെടുന്ന പാനലിൽ നിന്നും ഒരാളെ ചാൻസലർ, വൈസ്-ചാൻസലറായി നിയമിക്കേണ്ടതുമാണ്.".

(3) (6)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) വൈസ്-ചാൻസലറുടെ ഔദ്യോഗിക കാലാവധി അദ്ദേഹത്തെ നിയമിക്കപ്പെടുന്ന തീയതി മുതൽ നാല് വർഷമോ അല്ലെങ്കിൽ അദ്ദേഹത്തിന് എഴുപത് വയസ്സ് പൂർത്തിയാകുന്ന തീയതി വരെയോ, ഏതാണോ ആദ്യം, അതുവരെയായിരിക്കുന്നതാണ്.".